(സി) 2000 ഡിസംബർ മാസത്തിൽ മാത്രം ബോർഡിനുണ്ടായ അധിക ചെലവ് എത്രയായിരുന്നു ;

(ഡി) 2000 ഡിസംബറിൽ കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും വാങ്ങിയ വൈദ്യുതിക്കും കേന്ദ്രത്തിൽ നിന്നും വാങ്ങിയ വൈദ്യുതിക്കും എന്ത് തുകവീതം ചെലവായി ;

(ഇ) വാർഷിക മെയിന്റനൻസിന് 2000 ഡിസംബറിൽ ഉണ്ടായ ചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) 2000-2001-ലെ ബോർഡിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. 31-3-2000-ലെ വാർഷിക കണക്കനുസരിച്ച് സർക്കാർ വായ്പ ഉൾപ്പെടെ കടം 3551.1 കോടി രൂപയാണ്.

വൈദ്യുതി ഉല്പാദനത്തിലെ ലാഭനഷ്ടം

99 (324) ശ്രീ. പി. ജെ. ജോയി :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന ചെലവെത്രയാണ് ;

(ബി) ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന വരവെത്രയാണ് ;

(സി) ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിന് ലാഭമാണോ നഷ്ടമാണോ ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ ; ഇത് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വൈദ്യുതി വിൽക്കുന്നതുമൂലം നഷ്ടമാണുണ്ടാകുന്നതെങ്കിൽ വൈദ്യുതിയുടെ വില വർദ്ധിപ്പിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ഇ) 2000-2001 വർഷത്തിൽ ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി വിറ്റു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതുമൂലം ബോർഡിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഇതുവരെ ഉണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ജി) വൈദ്യുതി ബോർഡിനെ മൂന്നു ലാഭകേന്ദ്രങ്ങളായി വിഭജിക്കുവാനും ഓരോ ലാഭകേന്ദ്രവും 16 ശതമാനംവീതം ലാഭമുണ്ടാക്കുവാനും ഉള്ള ഒരു പദ്ധതി ഗവൺമെന്റിനുണ്ടായിരുന്നുവോ ;

(എച്ച്) എങ്കിൽ വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിച്ചുവോ ,

(ഐ) ഇല്ലെങ്കിൽ ലാഭകേന്ദ്രങ്ങളായി വിഭജിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 1999-2000-ലെ താൽകാലിക വാർഷിക കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന ചെലവ് 220 പൈസയും വില്പന വില 187 പൈസയുമായിരിക്കുമെന്നുമാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) വൈദ്യുതിയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) 2000-2001-ലെ കണക്കുകൾ തയ്യാറാക്കിയാലേ ശരിയായ രൂപം വ്യക്തമാകുകയുള്ളൂ.

(ജി) വൈദ്യുതി ബോർഡിനെ 3 ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുവാൻ വൈദ്യുതി നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇത് ബോർഡിനെ വിഭജിക്കലല്ല. വൈദ്യുതി ബോർഡ് ഒരു പൊതുമേഖലാ സ്ഥാപനമായിതന്നെ നിലകൊള്ളും. ഓരോ ലാഭകേന്ദ്രത്തിനും അതാതിന്റെ നിക്ഷേപത്തിന്റെ 16 ശതമാനം ലാഭം ഉണ്ടാക്കാൻ നിഷ്ക്കർഷിച്ചിട്ടില്ല. ബോർഡിന് മൊത്തം പരമാവധി ഇക്വിറ്റിയുടെ 6 ശതമാനം വരെ ലാഭമുണ്ടാക്കണമെന്നാണ് വ്യവസ്ഥ.

(എച്ച്) ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ഇ.ബി.യുടെ നഷ്ടം

100 (325) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വിദ്യുച്ഛക്തി ബോർഡ് ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) നഷ്ടത്തിലാണെങ്കിൽ നിലവിലുള്ള നഷ്ടം എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രതിദിനം എന്തു നഷ്ടം ബോർഡിന് ഉണ്ടാകുന്നുണ്ട് എന്ന കാര്യം വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; ഇതുവഴി എന്ത് അധിക വരുമാനം പ്രതിവർഷം കെ.എസ്.ഇ.ബി.ക്ക് ലഭിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly